അനന്തപുരി

പുത്തൻപാലം രാജേഷ് പിടിയിലായെങ്കിലും ദുരൂഹത ബാക്കി

രാജേഷിന്റെ പക്കൽ നിന്ന് പൊലീസ് പിടികൂടിയ ബോംബ്

കഴക്കൂട്ടം: ദുരൂഹതകൾ ബാക്കി വച്ച്പൊലീസ്പുത്തൻപാലം രാജേഷിനെ കോടതിയിൽ ഹാജരാക്കിറിമാൻഡ്ചെയ്തു.നാല്കൊലപാതകങ്ങളും നിരവധി കൊലപാതക ശ്രമങ്ങളും ഉൾപ്പെടെ ഒട്ടേറെ ക്രിമിനൽ കേസുകളിൽ പ്രതിയായ രാജേഷ് നേരത്തേ രണ്ട് തവണയാണ് കാപ്പ പ്രകാരം ജയിലിലായത്. ജയിലിൽ നിന്ന ജാമ്യം നേടി ഒരു മാസം മുൻപാണ് പുറത്തിറങ്ങിയത്. പള്ളിത്തുറയിൽ രാജേഷ് എത്തിയിട്ടുണ്ടെന്ന രഹസ്യ വിവരത്തെ തുടർന്ന്തുമ്പപൊലീസ് ഇയാൾ സഞ്ചരിച്ചിരുന്ന ലാൻ സർ കാർ പരിശോധിച്ചപ്പോഴാണ് മാരകായുധങ്ങളും ബോംബും കണ്ടെത്തിയത്. ഇത് എന്തിന് പള്ളിത്തുറയിൽ കൊണ്ടുവന്ന എന്ന് പൊലീസിന് വ്യക്തതയില്ല. രാജേഷിനെ പിടികൂടുമ്പോൾ ഒപ്പമുണ്ടായിരുന്ന പള്ളിത്തുറ സ്വദേശിയായ കൊലക്കേസ്പ്രതി ജെറ്റ്സന്തോഷ് രക്ഷപ്പെട്ടിരുന്നു. ഇയാൾ പൊലീസിനുനേരെ തോക്ക് ചൂണ്ടി രക്ഷപ്പെടുകയായിരുന്നെന്നും സൂചനയുണ്ട്. പള്ളിത്തുറ കടൽതീരത്ത് രാജേഷ് അടങ്ങുന്ന സംഘം എത്തിയതറിഞ്ഞ്പ്രദേശവാസികളാണ്പൊലീസിൽവിവരമറിയിച്ചത്. പൊലീസെത്തി രാജേഷിനെ പിടികൂടാൻ ശ്രമിച്ചെങ്കിലും നടക്കാതെ വന്നപ്പോൾ നാട്ടുകാരുടെ സഹായത്തോടെയാണ് പിടികൂടാനായതെന്നാണ് സമീപവാസികൾ പറയുന്നത്. സാമ്പത്തിക ഇടപാടുമായി ബന്ധപ്പെട്ടാണ്രാജേഷ്ഇവിടെ എത്തിയതെന്നാണ്സൂചന. സാമ്പത്തിക ഇടപാടും ആയുധം കൈവശം വച്ചതും സംബന്ധിച്ച് കൂടുതൽ അന്വേഷണങ്ങൾ നടക്കുന്നുണ്ട്.

ശ്രീകണ്ഠേശ്വരം ക്ഷേത്രത്തിൽ ആറാട്ട് നടന്നു

തിരുവനന്തപുരം: ശ്രീകണ്ഠേശ്വരം ശിവക്ഷേത്രത്തിലെ തിരുവാതിരമഹോത്സവത്തിന്റെസമാപനത്തോടനുബന്ധിച്ച്ഇന്നലെരാവിലെ ആറാട്ട് നടന്നു. ആറ്കണക്കിന് ഭക്തർ ആറാട്ടിൽ പങ്കെടുത്തു. ജനുവരിരണ്ടിനായിരുന്നു തിരുവാതിര മഹോത്സവം ആരംഭിച്ചത്. പതിവ് ക്ഷേത്രാരാധന ചടങ്ങുകൾക്ക് പുറമേ പ്രത്യേക പൂജകളും നടന്നു. നൃത്തസന്ധ്യ, തിരുവാതിരക്കളി, സ്പെഷ്യൽ പഞ്ചവാദ്യം, മത പ്രഭാഷണം, സംഗീത നൃത്തപരിപാടി, ഓട്ടൻതുള്ളൽ, സ്പെഷ്യൽ നാഗസ്വരം, ആദ്ധ്യാത്മിക പ്രഭാഷണം, പള്ളിവേട്ട തുടങ്ങിയവ ഉണ്ടായിരുന്നു.

സിറ്റി കൗമുദിയിൽ

- വരൂ, വികസനത്തിന്റെ കരിക്കകം മോഡൽ കാണണ്ടേ ?
- കഠിനംകുളം കായലിൽ മയിൽപ്പീലി കക്കയുടെ ചാകര
- പാലും തൈരും മാത്രമല്ല, വൈദ്യുതിയും പശു തരും...

തിരുപ്പാവൈ നാളെ വേദിയിൽ

തിരുവനന്തപുരം: ബൃഹത്സംഗീതകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നാളെ വൈകിട്ട് 7ന് അഭേദാശ്രമത്തിൽ ആൾവാറുടെ ദിവ്യപ്രബന്ധത്തിൽ ഉൾപ്പെടുന്ന ആണ്ടാളിന്റെ തിരുപ്പാവൈ അവതരിപ്പിക്കും. ഇതാദ്യമായാണ് തിരുപ്പാവൈ വേദിയിൽ അവതരിപ്പിക്കപ്പെടുന്നത്.

സാംസ്കാരിക സദസ് ഇന്ന്

തിരുവനന്തപുരം: സ്വാമി വിവേകാനന്ദന്റെ ജന്മദിനത്തോടനുബന്ധിച്ച് എ.ഐ.വൈ.എഫ് ഇന്ന് സാംസ്കാരിക സദസ് സംഘടിപ്പിക്കും. വൈകിട്ട് 5ന് ഗാന്ധിപാർക്കിൽ ചേരുന്ന സാംസ്കാരിക സദസിൽ 'വിവേകാനന്ദ ദർശനങ്ങളുടെ സമകാലിക പ്രസക്തി' എന്ന വിഷയത്തിൽ സ്വാമി സന്ദീപാനന്ദഗിരി പ്രഭാഷണം നടത്തും.

ക്രൈസ്തവ സംവരണ സെമിനാർ

തിരുവനന്തപുരം: ഇന്ത്യൻ ദളിത് ഫെഡറേഷൻ സംസ്ഥാന കമ്മിറ്റി ദളിത് ക്രൈസ്തവ സംവരണത്തെപ്പറ്റി സെമിനാർ നടത്തുന്നു. 14ന് ഉച്ചയ്ക്ക് 2ന് പുളിമൂട് പി.ആൻഡി ടി ഹൗസിൽ നടക്കുന്ന സെമിനാർ പി.എം. പൊന്നപ്പൻ ഉദ്ഘാടനം ചെയ്യും. ജാനകി രാജപ്പൻ അദ്ധ്യക്ഷത വഹിക്കും. ബാർട്ടൺഹിൽ ശശിധരൻ പ്രബന്ധം അവതരിപ്പിക്കും. ബിഷപ്പ് അഡ്വ. റോബിൻസൺ ഡേവിഡ്, അഡ്വ. ഡി.പി. കാഞ്ഞിരം, പി. ആർ. രാജുമോൻ എന്നിവർ പ്രസംഗിക്കും.

ചിൽഡ്രൻസ് പാർക്ക് ഉദ്ഘാടനം ഇന്ന്

കോവളം: മുട്ടയ്ക്കാട് ഗവ. എൽ.പി സ്കൂളിൽ പൂർവ വിദ്യാർത്ഥികളുടെ ശ്രമഫലമായി പുതുതായി നിർമ്മിച്ച ചിൽഡ്രൻസ് പാർക്കിന്റെ ഉദ്ഘാടനം ഇന്ന് രാവിലെ 10ന് സാഹിത്യകാരി ബി. ഇന്ദിര നിർവഹിക്കും. പൂർവ വിദ്യാർത്ഥി സമിതി പ്രസിഡന്റ് ബി. ശ്രീധരൻനായർ അദ്ധ്യക്ഷത വഹിക്കും. ജസ്റ്റിസ് എം.ആർ. ഹരിഹരൻ നായർ മുഖ്യ പ്രഭാഷണം നടത്തും. ജനപ്രതിനിധികൾ, പൂർവ വിദ്യാർത്ഥികൾ, നാട്ടുകാർ തുടങ്ങിയവർ പങ്കെടുക്കും.

കണ്ണമ്മൂല കൺവൻഷൻ

തിരുവനന്തപുരം : ദക്ഷിണ കേരള മഹായിടവക കണ്ണമ്മൂല കൺവൻഷൻ ഇന്നു മുതൽ 15 വരെ കണ്ണമ്മൂല സി.എസ്.ഐ പള്ളിയിൽ നടക്കും. റവ. ജോൺസൺ തേക്കടയിൽ മുഖ്യ പ്രാസംഗികനായിരിക്കും. ദിവസവും വൈകിട്ട് ആറ് മുതൽ ഒൻപത് വരെയാണ് കൺവൻഷൻ. ചർച്ച് ക്വയർ ഗാനങ്ങൾ ആലപിക്കും. എൽ.ജെ സാംജിസ് അദ്ധ്യക്ഷനായിരിക്കും.

പോറ്റിവിളാകം മഹാവിഷ്ണുക്ഷേത്രം

തിരുവനന്തപുരം : പോറ്റിവിളാകം ശ്രീമഹാവിഷ്ണുക്ഷേത്രത്തിൽ 14 ന രാവിലെ ഗണപതി ഹോമം, 8.30 ന് പൊങ്കാല സമർപ്പണം, ആയില്യപൂജ, ലഘുഭക്ഷണം മുതലായവ ഉണ്ടായിരിക്കും. ഫെബ്രുവരി ഒന്നിന് 9.45 നും 10.45 നു മദ്ധ്യേ തൃക്കൊടിയേറ്റ് നടക്കും.

വെയിലൂർക്കോണം ഭഗവതി ക്ഷേത്രം

ശ്രീകാര്യം: ചെറുവയ്ക്കൽ വെയിലൂർക്കോണം ഭഗവതി ക്ഷേത്രത്തിലെ മകരവിളക്ക് മഹോത്സവം 14 ന് നടക്കും . രാവിലെ 5 ന് നടക്കുന്ന നിർമ്മാല്യത്തിനുശേഷം സമ്പൂർണ നെയ് വിളക്ക്, ദീപാരാധന, 8. 30 ന് പൊങ്കാല, 9. 40 പൊങ്കാല നിവേദ്യം, വൈകിട്ട് 5 ന് ചെണ്ടമേളം, 6. 30 ന് തിരുവാഭരണം ചാർത്തി ദീപാരാധന, 7. 40 ന് തട്ട പൂജ എന്നിവയുണ്ടായിരിക്കുമെന്ന് സെക്രട്ടറി ആർ. ജയകുമാർ അറിയിച്ചു.

വിശ്വകർമ്മ സംഗമവേദി

തിരുവനന്തപുരം: ന്യായമായ അവകാശങ്ങൾ നേടിയെടുക്കാൻ വിശ്വകർമ്മ സമുദായ സംഘടനകൾ ഒറ്റക്കെട്ടായി അണിനിരക്കണമെന്ന് വിശ്വകർമ്മ സംഗമവേദി കൺവെൻഷൻ ആവശ്യപ്പെട്ടു. ശ്രീകണ്ഠേശ്വരം ആർട്ടിസാൻസ് ഹാളിൽ ചേർന്ന കൺവെൻഷനിൽ എ. രാജേന്ദ്ര പ്രസാദ് അദ്ധ്യക്ഷനായിരുന്നു. രാജൻ പി. തൊടിയൂർ, കൊല്ലം മോഹനൻ, കൊട്ടാരക്കര ശിവാനന്ദൻ, ശബരീനാഥ്, രാധാകൃഷ്ണൻ, തിരുപുറം ഗോപകുമാർ, ജി. ഹരികുമാർ, പി. സോമനാശാരി എന്നിവർ സംസാരിച്ചു.

എസ്. വിക്രമൻ കുടവൂർ ശാഖാ വൈസ് പ്രസിഡന്റ്

തിരുവനന്തപുരം : എസ്.എൻ.ഡി.പി യോഗം പത്രാധിപർ കെ. സുകുമാരൻ സ്മാരക യൂണിയൻ സംഘടിപ്പിക്കുന്ന വനിതാ സമ്മേളന വിജയത്തിനായി കുടവൂർ ശാഖയിൽ യോഗം ചേർന്നു. ശാഖാ രക്ഷാധികാരി കെ. ചക്രപാണിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ശാഖാ വൈസ്പ്രസിഡന്റായി എസ്. വിക്രമനെ തിരഞ്ഞെടുത്തു. സെക്രട്ടറി ഗാനപ്രിയനും മറ്റ് ഭാരവാഹികളും പങ്കെടുത്തു.

ബാല സാഹിത്യ സെമിനാർ

തിരുവനന്തപുരം: ഐരാണിമുട്ടം തുഞ്ചൻ സ്മാരകത്തിൽ നടന്ന ബാല സാഹിത്യ സെമിനാർ കെ.മുരളീധരൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. കുട്ടികൃഷ്ണൻ നാരായണനഗരം രചിച്ച 'സമർപ്പണം' എന്ന കൃതിയും അദ്ദേഹം പ്രകാശനം ചെയ്തു. ഡോ.എം. ആർ തമ്പാൻ അദ്ധ്യക്ഷത വഹിച്ചു. ഡോ. ടി.ജി.രാമചന്ദ്രൻപിള്ള, കുട്ടികൃഷ്ണൻ നാരായണനഗരം, പ്രൊഫ. കാട്ടൂർ നാരായണപിള്ള, ടി.ജി.ഹരികുമാർ എന്നിവർ പ്രസംഗിച്ചു. ബിന്ദുഗോപൻ പുസ്തകപരിചയം നടത്തി.

യാഥാർത്ഥ്യം ഉൾക്കൊള്ളണം

തിരുവനന്തപുരം: സപ്ലൈകോ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സുഗമമായി നൽകിക്കൊണ്ടിരുന്ന കീഴ്വഴക്കത്തിനെതിരെ തടസം സൃഷ്ടിക്കുന്ന ധനകാര്യ വകുപ്പ് യാഥാർത്ഥ്യം ഉൾക്കൊണ്ട് അടിയന്തരമായി ശമ്പള പരിഷ്കരണം അനുവദിക്കണമെന്നും, പങ്കാളിത്ത പെൻഷൻ പദ്ധതി അനുവദിക്കണമെന്നും സപ്ലൈകോ എംപ്ലോയീസ് കോൺഗ്രസ് ആവശ്യപ്പെട്ടു. പ്രസിഡന്റ് എം. ശശിധരൻ നായർ അദ്ധ്യക്ഷനായിരുന്നു. ജനറൽ സെക്രട്ടറി ആക്കുളം മോഹനൻ, നെയ്യാറ്റിൻകര സുരേഷ്, സിജോ, ലേഖ, വിജേഷ്, മോഹൻ കുമാർ, അംബിക തുടങ്ങിയവർ സംസാരിച്ചു.

സി.പി.ഐയുടെ സത്യാഗ്രഹം

തിരുവനന്തപുരം: ജില്ലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുക, വരൾച്ചാ ദുരിതാശ്വാസ നടപടികൾ ത്വരിതപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് 16ന് സെക്രട്ടേറിയറ്റിന് മുന്നിൽ സത്യാഗ്രഹം നടത്തുമെന്ന് സി. പി.ഐ ജില്ലാ സെക്രട്ടറി ജി.ആർ. അനിൽ അറിയിച്ചു.

റേഷൻ സാധനങ്ങളുമായി പോയ ലോറി നാട്ടുകാർ തടഞ്ഞു

റേഷൻ സാധനങ്ങളുമായി പോയ ലോറി നാട്ടുകാർ തടഞ്ഞപ്പോൾ

പോത്തൻകോട്: റേഷൻ ഗോഡൗണിൽ നിന്ന് രാത്രി ഭക്ഷ്യധാന്യങ്ങളുമായി പോയ ലോറി നാട്ടുകാർ തടഞ്ഞു. ഇന്നലെ രാത്രി ഒമ്പതിന് പൗഡിക്കോണം ഉളിയാഴ്ത്തുറ വില്ലേജ്ഓഫീസിന് സമീപം ജില്ലാ റീട്ടെയിൽ റേഷൻ ഡീലേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഗോഡൗണിലാണ് സംഭവം. റേഷൻ കടകൾ അടയ്ക്കേണ്ട സമയം കഴിഞ്ഞിട്ടും കടകളിലേയ്ക്ക് കൊണ്ടുപോകാനെന്ന് പറഞ്ഞാണ് ഭക്ഷ്യധാന്യങ്ങൾ ലോറിയിൽ കയറ്റിയത്. മൺവിള, അരുവിക്കരക്കോണം, വട്ടക്കരിയ്ക്കകം, തുടങ്ങിയ സ്ഥലങ്ങളിലെ റേഷൻ കടകളുൾപ്പെടെ ഏഴോളം കടകളിലേയ്ക്ക് വിതരണം ചെയ്യാൻ രണ്ട് ലോറികളിലായി കയറ്റിയ ഭക്ഷ്യധാന്യങ്ങളാണ് നാട്ടുകാർ തടഞ്ഞത്. സ്ഥലത്തെത്തിയ ശ്രീകാര്യം പൊലീസ് രേഖകൾ പരിശോധിച്ച് സാധനങ്ങൾ കടകളിലേയ്ക്കാണെന്ന് ഉറപ്പ് വരുത്തി. റേഷൻ കടകൾ അടച്ചതിന ശേഷമുള്ള വിതരണം വേണ്ടെന്നും പകൽ സമയത്ത് മാത്രം വിതരണം ചെയ്താൽ മതിയെന്നും പൊലീസ് അറിയിച്ചതിനെ തുടർന്ന് നാട്ടുകാർ പിരിഞ്ഞുപോയി.

അമ്പത്തിരണ്ടോളം റേഷൻ കടകളിലേയ്ക്കുള്ള ഭക്ഷ്യ ധാന്യങ്ങൾ പൗഡിക്കോണത്തുള്ള ഗോഡൗണിൽ നിന്നാണ് വിതരണം ചെയ്യുന്നതെന്നും റേഷൻ കടകളിൽ കരുതൽ ശേഖരം ഇല്ലാത്തതിനാലാണ് രാത്രി ഇവ കൊണ്ടുപോകുന്നതെന്നുമാണ് സൊസൈറ്റി ജീവനക്കാർ പറയുന്നത്.

പേട്ട പൊലീസ് സ്റ്റേഷനിലെ ഫോൺ പ്രവർത്തനരഹിതം

തിരുവനന്തപുരം: പേട്ട പൊലീസ് സ്റ്റേഷനിൽ പരാതി പറയാനോ മറ്റ് ആവശ്യങ്ങൾക്കൊ ഫോൺ വിളിച്ചാൽ പ്രവർത്തനരഹിതമാണെന്ന മറുപടിയാവും ഉണ്ടാവുക. ബില്ലടയ്ക്കാത്തതിനാൽ ബി.എസ്.എൻ.എൽ ലൈൻ കട്ട് ചെയ്തിട്ട് ആഴ്ചകളായി. ഹെഡ് ക്വാർട്ടേഴ്സിൽ നിന്ന് ബില്ല് അടയ്ക്കാത്തതാണ് ഫോൺ കട്ട് ചെയ്യാൻ കാരണമെന്നാണ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരുടെ മറുപടി. ഫോൺ മുഖേന അറിയേണ്ട ചെറിയ കാര്യങ്ങൾ പോലും പൊലീസ് സ്റ്റേഷനിൽ നേരിട്ടെത്തി അറിയേണ്ട അവസ്ഥയിലാണ്. ഫോൺ കേടായതിനെ തുടർന്ന് എസ്.ഐയുടെ മൊബൈൽഫോണിലും മറ്റ് ഉദ്യോഗസ്ഥരുടെ ഫോണിലും വിളിച്ചാണ് കാര്യങ്ങൾ അന്വേഷിക്കുന്നത്. ഫോൺ കേടായതിനെ തുടർന്ന് ഒരു വിവരവും നേരിട്ട് പൊലീസിനെ അറിയിക്കാൻ കഴിയാത്ത അവസ്ഥയിലാണ് നാട്ടുകാർ.

ക്ഷേത്രഭണ്ഡാരത്തിൽ 56,000 രൂപയുടെ അസാധു നോട്ടുകൾ

തിരുവനന്തപുരം : പൂജപ്പുര നാഗരുകാവ് ക്ഷേത്രത്തിലെ ഭണ്ഡാരത്തിൽ നിന്ന് 56,000 രൂപയുടെ അസാധു നോട്ടുകൾ കണ്ടെത്തി. 1000 രൂപയുടെ 55 നോട്ടുകളും 500 രൂപയുടെ രണ്ട് നോട്ടുകളുമാണ് ലഭിച്ചത്. ഡിസംബർ 31 ന് ഭണ്ഡാരം തുറന്ന് നോട്ടുകൾ എണ്ണി തിട്ടപ്പെടുത്തിയപ്പോൾ അസാധു നോട്ടുകൾ ഉണ്ടായിരുന്നില്ലെന്ന് ക്ഷേത്രം സെക്രട്ടറി അറിയിച്ചു. ആയില്യം പ്രമാണിച്ച് എട്ടാം തീയതി ക്ഷേത്രത്തിലും നടയിലും ഉള്ള ഭണ്ഡാരങ്ങൾ തുറന്ന് എണ്ണിയപ്പോഴാണ് 56,000 രൂപ അസാധു നോട്ടുകളാണെന്ന് കണ്ടെത്തിയത്. ഏത് ഭണ്ഡാരത്തിൽ നിന്നുള്ളതാണ് തുകയെന്ന് വ്യക്തമായിട്ടില്ല. നോട്ടുകൾ മാറുന്നതിന് റിസർവ് ബാങ്കുമായി ബന്ധപ്പെടുമെന്ന് ക്ഷേത്ര സെക്രട്ടറി അറിയിച്ചു.

നഗരസഭാ ജീവനക്കാരുടെ ഹാജർ ഉറപ്പുവരുത്തും: മേയർ

തിരുവനന്തപുരം: നഗരസഭയിൽ ജീവനക്കാരുടെ ഹാജർ ഉറപ്പു വരുത്താനുള്ള ക്രമീകരണം ഏർപ്പെടുത്താൻ വകുപ്പ് തലവൻമാരോട് നിർദ്ദേശിച്ചതായി മേയർ വി.കെ. പ്രശാന്ത്. സേവനത്തിൽ വീഴ്ച വരുത്തിയ ജീവനക്കാർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുമെന്നും മേയർ അറിയിച്ചു. നിർബന്ധമായും ഐ.ഡി കാർഡ് ധരിച്ചിരിക്കണമെന്ന് മേയർ ജീവനക്കാരോട് ആവശ്യപ്പെട്ടു. എൻജിനിയറിംഗ് വിഭാഗത്തിൽ ഏജന്റുമാരെയും ഇടനിലക്കാരെയും ഒഴിവാക്കാൻ വൈകിട്ട് 3 മണി വരെയുള്ള പ്രവേശനം നിയന്ത്രിക്കും. ഇതിന് സെക്യൂരിറ്റി സംവിധാനം ഏർപ്പെടുത്തും. ലൈസൻസുള്ള ഡിസൈനർമാർ ഐ.ഡി കാർഡ് നിർബന്ധമായും ധരിക്കണം. ഫയൽ കാലതാമസം ഒഴിവാക്കാൻ എല്ലാ സെക്ഷനുകളിലും ജീവനക്കാർ ശ്രദ്ധിക്കണം. ഫയൽ കാണാതാവുന്ന പ്രശ്നം സെക്രട്ടറി ഗൗരവമായി എടുക്കും. ഫയൽ നീക്കം മനസിലാക്കുന്നതിനും കാര്യക്ഷമത ഉറപ്പാക്കുന്നതിനും ഇൻഫർമേഷൻ കേരള മിഷന്റെ സൂചിക സോഫ്ട്വെയർ എല്ലാ സെക്ഷനുകളിലും ഉപയോഗിക്കും. പൈലറ്റ് അടിസ്ഥാനത്തിൽ ഒരു സെക്ഷനിൽ സൂചിക സോഫ്ട്വെയർ ഉപയോഗിക്കും. തുടർന്ന് എല്ലാ സെക്ഷനുകളിലേക്കും വ്യാപിപ്പിക്കും - മേയർ അറിയിച്ചു.

ക്രിക്കറ്റിലും വിജയക്കൊടി നാട്ടി ഋഷിരാജ് സിംഗ്

വിമുക്തി മിഷന്റെ ബോധവത്കരണ പരിപാടികളുടെ ഭാഗമായി എക്സൈസും ട്രിവാൻഡ്രം പ്രസ് ക്ലബ് ടീമും തമ്മിൽ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടന്ന ക്രിക്കറ്റ് മത്സരത്തിൽ ബാറ്റ് ചെയ്യുന്ന ഋഷിരാജ് സിംഗ്

തിരുവനന്തപുരം: വിമുക്തി മിഷന്റെ ലഹരിക്കെതിരായ ബോധവത്കരണ കാമ്പെയിന്റെ ഭാഗമായി നടത്തിയ ക്രിക്കറ്റ് മത്സരത്തിൽ എക്സൈസ് കമ്മിഷണർ ഋഷിരാജ് സിംഗിന്റെ ടീമിന് വിജയം. യുവാക്കളെ ലഹരിയിൽ നിന്ന് പിന്തിരിപ്പിക്കുന്ന കാമ്പെയിന്റെ ഭാഗമായി യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടത്തിയ ക്രിക്കറ്റ് മത്സരത്തിലാണ് അദ്ദേഹം ക്യാപ്ടനായ ടീം വിജയിച്ചത്.

പ്രസ് ക്ലബ് ടീം ആയിരുന്ന എതിർ പക്ഷത്ത്. വെളുത്ത ജേഴ്സിയും തലയിൽ കൗ ബോയി മോഡലിലുള്ള തൊപ്പിയും നീലകളർ കൂളിംഗ് ഗ്ലാസും അണിഞ്ഞായിരുന്ന ഗ്രൗണ്ടിലിറങ്ങിയത്. രാജേഷ് രാജേന്ദ്രനായിരുന്ന പ്രസ് ക്ലബ് ടീം ക്യാപ്ടൻ. ടോസ് ലഭിച്ച എക്സൈസ് ടീം ഫീൽഡിംഗ് തിരഞ്ഞെടുത്തു. ഓപ്പണറായി ക്യാപ്ടൻ രാജേഷിനൊപ്പം ബാറ്റിംഗിന് ഇറങ്ങിയ പ്രസ് ക്ലബ് ടീമിന്റെ നിസാർ മുഹമ്മദ് ആറ് റൺസിൽ ഔട്ടായി. തൊട്ടുപിന്നാലെ സീജി കടയ്ക്കലും സജി ശ്രീധരും വന്നപോലെ പോയി.

ഒടുവിൽ ലഭിച്ചത് 67 റൺസ്. തൊട്ടുപിന്നാലെ ബാറ്റിംഗിന് ഇറങ്ങിയ എക്സൈസ് ടീം 7 വിക്കറ്റ് നഷ്ടത്തിൽ തന്നെ വിജയക്കുറി തൊട്ടു. ലഹരി വിരുദ്ധ ബോധവത്കരണ പരിപാടിയോട് അനുബന്ധിച്ച് വിദ്യാർത്ഥികൾക്കായി പോസ്റ്റർ രചനാ മത്സരവും നടത്തിയിരുന്നു. ഇതിലെ വിജയികൾക്കും സമ്മാനം നൽകി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു ഉദ്ഘാടനം ചെയ്തു. വിമുക്തി മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അനുപമ സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

ടെലിവിഷൻ ഷോയിലൂടെ ശ്രദ്ധേയമായ വിനോദ് നരനാട്ടിന്റെ കിറ്റി ഷോയും ചടങ്ങിന്റെ ഭാഗമായി നടന്നു. കിറ്റിയെന്ന കുരങ്ങ് ചടങ്ങിനെത്തുന്നവരുമായി സംവദിക്കുന്നതാണ് ഷോ. സീരിയസായ വിഷയങ്ങൾ പോലും ലളിതമായി ആസ്വാദകരിലേക്ക് എത്തിക്കുന്ന കിറ്റി ഷോ ശ്രദ്ധേയമായി.

പ്രവാസി അവാർഡുകൾ വിതരണം ചെയ്തു

തിരുവനന്തപുരം: സംവിധായകരായ അടൂർ ഗോപാലകൃഷ്ണൻ, തുളസീദാസ്, വ്യവസായ പ്രമുഖരായ ബേബി മാത്യു സോമതീരം, ബീമ ജൂവലറി എം.ഡി എം.എസ്. സുഹാസ്, അമ്പലത്തറ ചന്ദ്രബാബു എന്നിവരുൾപ്പെടെ മുപ്പതോളം പ്രമുഖ വ്യക്തികൾക്ക് കേരള പ്രവാസി ഭാരതീയ പുരസ്കാരം നൽകി. മൂന്ന് ദിവസത്തെ പ്രവാസി ദിനാചരണത്തിന് സമാപനം കുറിച്ച് ഇന്നലെ വി.ജെ.ടി ഹാളിൽ നടന്ന ചടങ്ങ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു. രാജ്യസഭാ ഉപാദ്ധ്യക്ഷൻ പി.ജെ. കുര്യൻ, മുൻ മന്ത്രി വി.എസ്. ശിവകുമാർ, മേയർ വി.കെ. പ്രശാന്ത് തുടങ്ങിയവർ സംസാരിച്ചു. എസ്. അഹമ്മദ് അദ്ധ്യക്ഷത വഹിച്ചു. പാളയം ഇമാം വി.പി. സുഹൈബ് മൗലവി, വാർഡ് കൗൺസിലർ പാളയം രാജൻ തുടങ്ങിയവർ പങ്കെടുത്തു. പത്ത് നിർധന രോഗികൾക്ക് ചികിത്സാസഹായം ചടങ്ങിൽ വിതരണം ചെയ്തു. തുടർന്ന് കലാപരിപാടികളും നടന്നു.

പ്രതി പൊലീസിനെ ആക്രമിച്ചു

പേരൂർക്കട: മദ്യപിച്ച് വാഹനം ഓടിച്ചതിന് പിടിയിലായ പ്രതി സ്റ്റേഷനിൽ പൊലീസുകാരെ ആക്രമിച്ചു. ഇന്ദിരാനഗർ സ്വദേശി രാഹുൽ (28) ആണ് സ്റ്റേഷനിൽ എസ്.ഐ പ്രേം കുമാറിനെയും പൊലീസുകാരെയും ആക്രമിച്ചത്. ഇന്നലെ ഇന്ദിരാനഗറിൽ മദ്യപിച്ച് ബൈക്ക് ഓടിച്ചതിന് പൊലീസ് കസ്റ്റഡിയിലെടുത്തതാണ് പ്രകോപനത്തിന് കാരണം.

വീട്ടമ്മയുടെ മാല കവർന്നു

പേരൂർക്കട: ബൈക്കിലെത്തിയ രണ്ടംഗ സംഘം വീട്ടമ്മയുടെ 2 പവൻ സ്വർണമാല കവർന്നു. കല്ലയം സ്വദേശി ഷീലയുടെ (52) മാലയാണ് നഷ്ടമായത്. ഇന്നലെ വൈകിട്ട് 4ന് പാറോട്ടുകോണത്തായിരുന്നു സംഭവം. മണ്ണന്തല പൊലീസ് കേസെടുത്തു.

ഒരുമ റസിഡന്റ്സ് അസോസിയേഷൻ വാർഷികം അഡ്വ. മരുതംകുഴി സതീഷ്കുമാർ ഉദ്ഘാടനം ചെയ്യുന്നു

ഒരുമ റസിഡന്റ്സ് അസോ. വാർഷികം

വണ്ടിത്തടം: പാലപ്പൂർ വണ്ടിത്തടം 'ഒരുമ' റസിഡന്റ്സ് അസോസിയേഷൻ വാർഷിക പൊതുയോഗവും ആഘോഷവും തിരുവനന്തപുരം 'ഫ്രാറ്റ്' ജനറൽ സെക്രട്ടറി അഡ്വ. മരുതംകുഴി സതീഷ് കുമാർ ഉദ്ഘാടനം ചെയ്തു.

പാലപ്പൂർ ഹോളി ക്രോസ് എൽ.പി സ്കൂൾ അങ്കണത്തിൽ നടന്ന ചടങ്ങിൽ ഒരുമ പ്രസിഡന്റ് ഡോ. ജി. ശോഭന അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി വി.എസ്. ജയകുമാർ റിപ്പോർട്ടും ഖജാൻജി കെ. ജയപ്രസാദ് കണക്കും അവതരിപ്പിച്ചു. അമ്പലത്തറ ജി. ടെക് കമ്പ്യൂട്ടേഴ്സ് മാനേജിംഗ് പാർട്ണർ രമ്യ പ്രകാശ് സൈബർ സുരക്ഷയെപ്പറ്റി ക്ലാസെടുത്തു. കല്ലിയൂർ ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ എസ്. ബീന, പ്രവീണകുമാരി, ഹോളി ക്രോസ് ഇടവക വികാരി ഫാദർ ജോണി പുത്തൻ വീട്ടിൽ, കെ. ചന്ദ്രശേഖരൻനായർ, സി. തങ്കരാജ്, സക്കറിയ എന്നിവർ സംസാരിച്ചു. അവാർഡുകളും സമ്മാനങ്ങളും വിതരണം ചെയ്തു. കുടുംബാംഗങ്ങളുടെ കലാപരിപാടികളും നടന്നു.

ഭാരവാഹികളായി സി. തങ്കരാജ് (പ്രസിഡന്റ്), വി. എസ്. ജയകുമാർ (സെക്രട്ടറി), ആർ. മധുസൂദനൻ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

പാമ്പാടി നെഹ്റു എൻജിനിയറിംഗ് കോളേജിന്റെ സ്പെൻസർ ജംഗ്ഷൻ ബ്രാഞ്ച്ഓഫീസിലെ ബോർഡുകൾ കെ.എസ്.യു പ്രവർത്തകർ അടിച്ച് തകർക്കുന്നു

നെഹ്റു കോളേജിന്റെ ഓഫീസിലേക്ക് കെ.എസ്.യു പ്രതിഷേധം

തിരുവനന്തപുരം: എൻജിനിയറിംഗ് വിദ്യാർത്ഥി ജിഷ്ണു പ്രണോയി ആത്മഹത്യ ചെയ്യാനിടയായ സംഭവത്തിൽ തൃശ്ശൂർ പാമ്പാടി നെഹ്റു കോളേജ് മാനേജ്മെന്റ് കാടൻ സമീപനമാണ് സ്വീകരിക്കുന്നതെന്ന് ആരോപിച്ച് കെ.എസ്.യുവിന്റെ നേതൃത്വത്തിൽ പാളയം സ്പെൻസർ ജംഗ്ഷനിലെ ബ്രാഞ്ച് ഓഫീസിലേക്ക് മാർച്ച് നടത്തി.

സമരത്തിൽ പങ്കെടുത്ത പ്രവർത്തകർ ഓഫീസിന്റെ ബോർഡുകൾ അടിച്ചു തകർത്തു. ഇക്കാര്യത്തിൽ സർക്കാർ അന്വേഷണം നടത്തി കുറ്റക്കാരെ ശിക്ഷിക്കണമെന്ന് നേതാക്കൾ ആവശ്യപ്പെട്ടു. കെ. എസ്. യു നേതാക്കളായ അനന്തകൃഷ്ണൻ, പ്രണവ് കോലത്തുകര, കോലിയക്കോട് ആശിഷ് അജയ്, എം.എ. ആസിഫ്, വിഷ്ണു .എ.പി എന്നിവരുടെ നേതൃത്വത്തിലാണ് മാർച്ച് നടന്നത്. തുടർന്ന് പ്രവർത്തകരെ പൊലീസ് അറസ്റ്റ് ചെയ്ത് നീക്കി.

റോഡിന്റെയും പാലത്തിന്റെയും സുരക്ഷ ഉറപ്പാക്കും: ജി. സുധാകരൻ

മാതൃകാ റോഡ് സുരക്ഷാ പദ്ധതി ഉദ്ഘാടനം ചെയ്തു

മാതൃകാ റോഡ് സുരക്ഷാ പദ്ധതിയുടെ ഉദ്ഘാടനം മന്ത്രി ജി.സുധാകരൻ നിർവഹിക്കുന്നു. എ. സമ്പത്ത് എം.പി, ഡി.കെ. മുരളി എം.എൽ.എ, പി.കെ. സതീശൻ, ജോളി പത്രോസ് തുടങ്ങിയവർ സമീപം

പോത്തൻകോട്: സംസ്ഥാനത്തെ പ്രധാനപ്പെട്ട റോഡുകളുടെയും പഴയ പാലങ്ങളുടെയും സുരക്ഷ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമെന്ന് മന്ത്രി ജി. സുധാകരൻ പറഞ്ഞു. പോത്തൻകോട് ജംഗ്ഷനിൽ കഴക്കൂട്ടം - അടൂർ മാതൃകാ റോഡ് സുരക്ഷാ പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

അനിയന്ത്രിതമായ മണൽ വാരലിലൂടെ പല പാലങ്ങൾക്കും ബലക്ഷയം സംഭവിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. സി. ദിവാകരൻ എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. എ. സമ്പത്ത് എം.പി, ഡി.കെ. മുരളി എം.എൽ.എ, കെ.എസ്.ടി.പി പ്രോജക്ട് ഡയറക്ടർ പി.കെ. സതീശൻ, പോത്തൻകോട് ബ്ലോക്ക്പഞ്ചായത്ത്പ്രസിഡന്റ് ജോളി പത്രോസ്, ജില്ലാ പഞ്ചായത്ത് അംഗം രാധാദേവി, കൗൺസിലർ എസ്.വി. സജിത്ത് തുടങ്ങിയവർ സംസാരിച്ചു.

- ആദ്യ ഘട്ടത്തിൽ റോഡ് നവീകരണം കഴക്കൂട്ടം മുതൽ തൈക്കാട് വരെ
- 16 മാസമാണ് നിർമ്മാണ കാലാവധി
- 6 വർഷത്തെ പരിപാലന ചുമതലയും കരാർ ഏറ്റെടുത്ത ജി.എച്ച്.വി.കെ.കെ കമ്പനിക്കാണ്
- റോഡിന്റെ ഉപരിതലം റബറും ബിറ്റുമിനും ഉപയോഗിച്ചായിരിക്കും
- ചടയമംഗലം,കൊട്ടാരക്കര തുടങ്ങിയ 17 ജംഗ്ഷനുകളും ആധുനിക രീതിയിൽ വികസിപ്പിക്കും

- **രണ്ടാം ഘട്ടത്തിൽ**
  78.65 കിലോമീറ്റർ
- **ചെലവ്**
  146 കോടി

അന്നം മുട്ടിച്ചതിന്റെ ഉത്തരവാദിത്വം സർക്കാരിന്: അനൂപ് ജേക്കബ്

തിരുവനന്തപുരം: റേഷൻ കടകളിൽ അരിയെത്തിക്കാതെ ജനങ്ങളുടെ അന്നം മുട്ടിച്ചതിന്റെ ഉത്തരവാദിത്വം സംസ്ഥാന സർക്കാരിനാണെന്ന് കേരള കോൺഗ്രസ് ജേക്കബ് ഗ്രൂപ്പ് ലീഡർ അനൂപ് ജേക്കബ് എം.എൽ.എ പറഞ്ഞു. കേരള കോൺഗ്രസ് (ജേക്കബ്) ജില്ലാ പ്രവർത്തക സമ്മേളനം വൈ.എം.സി.എ ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജനങ്ങളെ ദ്രോഹിക്കുന്നതിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ പരസ്പരം മത്സരിക്കുകയാണെന്ന് മുഖ്യപ്രഭാഷണം നടത്തിയ പാർട്ടി ചെയർമാൻ ജോണി നെല്ലൂർ പറഞ്ഞു. ഭാരവാഹികളായ കരുമം സുന്ദരേശൻ, വാക്കനാട് രാധാകൃഷ്ണൻ, ഡെയ്സി ജേക്കബ്, സി. മോഹനൻ പിള്ള, വി.എസ്. മനോജ് കുമാർ, ബി.ഡി. മാസ്റ്റർ, ജോസഫ് സ്കറിയ എന്നിവർ സംസാരിച്ചു.